"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ല - ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2112/2025/LSGD തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 03/04/2025 ലെ കെ.യു.ആർ.ഡി.എഫ്.സി/116/2025-P1 നമ്പർ ഉത്തരവ്
3. ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22/04/2025 ലെ സാധാരണ മീറ്റിംഗിലെ 2(1) നമ്പർ തീരുമാനം
4. ഇലന്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7/5/2025 ലെ 939175-2025 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27/06/2025 ലെ LSGD/PD/14910/2025-CSSA4 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് പ്രകാരം **1,50,50,000/-** (ഒരു കോടി അൻപതു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആവശ്യമാണെന്നും ഇതിനായി തനത് ഫണ്ടിൽ നിന്നും **15,05,000/- (പതിനഞ്ച് ലക്ഷത്തി അയ്യായിരം രൂപ മാത്രം)** KURDFC യിൽ നിന്ന് **1,35,45,000/- (ഒരു കോടി മുപ്പത്തഞ്ചു ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം)** സർക്കാർ അനുമതിയോടെ വായ്പ എടുക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യത്തിനായി ഒരു കോടി മുപ്പത്തഞ്ചു ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം KURDFC യിൽ നിന്നും ലോൺ എടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം ഇലന്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ഇലന്തൂർ ഗ്രാമപഞ്ചായത്തിനുള്ള **ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള** പരാമർശം (3) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്ത്

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്ന് **1,35,45,000/- (ഒരു കോടി മുപ്പത്തഞ്ചു ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം)** 9% പലിശ നിരക്കിൽ 13 വർഷത്തെ തിരിച്ചടവ് കാലയളവിൽ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, ഇലന്തൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/235/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

**Signed by Sheeba. S. C**
**Date: 26-08-2025 12:22:37**

സെക്ഷൻ ഓഫീസർ